**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5517 — 04-7-2013-ൽ മറുപടിക്ക്

**കുമിളി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുമിളി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടിയുള്ള സ്വാഭാവിക ജലസ്രോതസ്സിന്റെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി രണ്ട് ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി എന്ത് തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) യും (സി) യും | സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്) -ന്റെ പഠന റിപ്പോർട്ട് പ്രകാരം സ്വാഭാവിക ജല സ്രോതസ്സ് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി ഒരു 'dyke' പണിയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ: | | |
| (ഡി) | കുമിളിയിൽ ജില്ലാ പഞ്ചായത്ത് വാങ്ങി വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥലത്ത് എന്ത് പദ്ധതി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) യും (ഇ) യും | കുമിളിയിൽ ജില്ലാ പഞ്ചായത്ത് വാങ്ങി വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥലത്ത് കരുംകുളം, തിരുപുറം, കാഞ്ഞിരംകുളം വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ |

(ഇ) അത് സംബന്ധിച്ച വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും എന്തെന്ന് വ്യക്തമാക്കാമോ?

ഭാഗമായിട്ടുള്ള 12 mld സ്ഥാപിതശേഷിയുള്ള ജലശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. "പാറശ്ശാലക്കും സമീപ വില്ലേജുകൾക്കും മറുകിൽ-മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി" എന്ന പദ്ധതിയുടെ ഒരു പാക്കേജായാണ് മേൽപ്പറഞ്ഞ വില്ലേജുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഡീവിയേഷൻ പ്രപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ